"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

കോവിഡ് 19 - CFLTC കളിൽ നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാരുടെ സേവനം തുടരുന്നത് സംബന്ധിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt) No.2194/2021/LSGD തീയതി,തിരുവനന്തപുരം, 05/11/2021

---

പരാമർശം:- 1. സ ഉ (സാധാ) നം. 1067/2021/തസ്വഭവ തീയതി 01/06/2021

2. പഞ്ചായത്ത് ഡയറക്ടറുടെ 18/08/2021 തീയതിയിലെ PAN/9618/2021 J3(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ് വ്യാപനത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തികൾക്ക് നിയമിച്ചിട്ടുള്ള കരാർ ജീവനക്കാരെ അവരുടെ കരാർ കാലാവധി പൂർത്തിയാവുകയാണെങ്കിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിക്കാനായി ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ തുടരുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവ് CFLTC കളിൽ നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാർക്ക് ബാധകമാണോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ട് മേൽ പരാമർശം 2 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ CFLTC കളിൽ നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാരുടെ സേവന കാലാവധി ആരോഗ്യ വകുപ്പിന്റെ ശുപാർശ പ്രകാരം CFLTC-കളെ നിർത്തലാക്കുന്നതുവരെ തുടരാൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ

POCO
SHOT ON POCO M2 PRO